കവർസ്റ്റോറി

**മുഹമ്മദ് ശമീം**

# ആത്മീയ വൈകൃതങ്ങളുടെ വ്യാപാരവും രാഷ്ട്രീയവും

**തൊള്ളായിരത്തി** അറുപത്-എഴുപതുകളിൽ മുതലാളിത്ത രാജ്യങ്ങളിൽ, വിശിഷ്യാ അമേരിക്കയിൽ ധാരാളം മുക്തിപ്രസ്ഥാനങ്ങൾ ഉടലെടുത്തു. മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിലുള്ള പലതരം സമ്പ്രദായങ്ങളും വഴികേടുകളും തട്ടിപ്പുകളും വളരെ മുമ്പേ സമൂഹജീവിതത്തിൽ കാണപ്പെട്ടിരുന്നു. ആധുനിക ചരിത്രത്തിൽ സ്ഥാനം പിടിച്ച നവീന മത പ്രസ്ഥാനങ്ങളും (New Religion Movements) മുക്തി കേന്ദ്രങ്ങളും (Cults) വളരെ പെട്ടെന്ന് വളർച്ച നേടി. പതിനായിരത്തിൽപരം കൾട്ടുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെടുകയും അവ മനുഷ്യരെ, പ്രത്യേകിച്ച് യുവാക്കളെ വളരെ മോശമായ വിധത്തിൽ സ്വാധീനിക്കുകയും ചെയ്തു.

മുതലാളിത്തം സൃഷ്ടിച്ച വ്യക്തിഗതവും സാമൂഹികവുമായ പ്രതിസന്ധികളിൽനിന്നായിരുന്നു മിക്കവാറും ഇത്തരം ആധ്യാത്മിക പ്രസ്ഥാനങ്ങൾ വളർന്നുവന്നത്. മുതലാളിത്തത്തിന്റെ പ്രതിസന്ധികളിൽനിന്ന് രൂപപ്പെട്ട വിഹ്വലതകൾ ജനങ്ങളെ ഒരഭയകേന്ദ്രമന്വേഷിക്കാൻ പ്രേരിപ്പിച്ചത് ഇവയുടെ വളർച്ചക്ക് കാരണമായി. എന്നാൽ വളരെ പെട്ടെന്നു തന്നെ ഇവ മുതലാളിത്തത്തിന്റെതന്നെ ഉപകരണങ്ങളായി മാറിയതോടെ വമ്പിച്ച വ്യാപകത്വം ഇവക്കുണ്ടാവുകയും ചെയ്തു.

ഇന്ത്യക്കാരനായ പ്രഭുപാദർ 1966-ൽ സ്ഥാപിച്ച International Society for Krishna Consciousness/ Hare Krishna Movement, '66-ൽതന്നെ 'ദിവ്യസത്ത' (Divine Essense) എന്ന് സ്വയം അവകാശപ്പെട്ട് രംഗത്തുവന്ന ഇന്ത്യ

ക്കാരൻ മഹാരാജിന്റെ Divine Light Mission, മോസസ്സിന്റെ പുനർജന്മമാണ് താനെന്നവകാശപ്പെടുന്ന ഡേവിഡ് ബെർഗ് എന്ന ജൂതൻ '69-ൽ സ്ഥാപിച്ച Children of God, കൊറിയയിൽനിന്ന് അമേരിക്കയിൽ വന്നിറങ്ങിയ സൺ മ്യൂങ് മൂൺ എഴുപതുകളിൽ വളർത്തിയെടുത്ത Unification Church, എൽ റോൺ ഹബാർഡ് 'നിരന്തര പഠന പരിശീലനങ്ങളിലൂടെ ആത്മജ്ഞാനവും ആധ്യാത്മിക സായൂജ്യവും നേടൽ' ലക്ഷ്യമാക്കി സ്ഥാപിച്ച Church of Scientology തുടങ്ങി ഒട്ടേറെ നവീന മുക്തിപ്രസ്ഥാനങ്ങൾ അമേരിക്കയിൽതന്നെ വികാസം പ്രാപിച്ചിട്ടുണ്ട്. രജനീഷ്, മഹേഷ് യോഗി തുടങ്ങിയവരുടെ പ്രസ്ഥാനങ്ങളും ശ്രദ്ധേയമാണ്. പൗരസ്ത്യ ദേശങ്ങളിൽ, പ്രത്യേകിച്ച് ഇന്ത്യയിൽനിന്ന് ചെന്നവരായിരുന്നു കൾട്ട് നേതാക്കന്മാരിൽ മിക്കവരും എന്നതും ശ്രദ്ധേയമാണ്. വിശ്വാസികളിൽ രാഷ്ട്രീയ വൈമുഖ്യവും നിസ്സംഗതയും സൃഷ്ടിക്കപ്പെടുമാറ്, ആവശ്യമുള്ളതും ഇല്ലാത്തതുമായ ആത്മീയ ചർച്ചകളും തർക്കങ്ങളും ഒട്ടേറെ നടന്നിട്ടുള്ള സ്ഥലമാണല്ലോ ഇന്ത്യ.

കൾട്ടുകൾ വമ്പിച്ച ആസ്തികളും സ്വാധീനവുമാണ് നേടിയെടുത്തത്. പൂനക്കാരൻ രജനീഷ് ഓറിഗണിലെ 64,221 ഏക്കർ കൃഷിയിടം 57,50,000 ഡോളർ നൽകി വാങ്ങുകയും അവിടെ ആശ്രമം സ്ഥാപിക്കുകയും ചെയ്തു. പിന്നീട് ആ സ്ഥലം 'രജനീഷ് പുരം' എന്നാണ് അറിയപ്പെട്ടത്. ഇന്ത്യാനയിലെ കൾട്ട് നേതാവായ ജിം ജോൺസിന്റെ പേരിൽ ജോൺസ് ടൗൺ എന്ന പട്ടണവും നിലവിലുണ്ടായിരുന്നു.

ഇന്ന് നമ്മുടെ നാടും വ്യവസായ രാജ്യങ്ങളിലേതിനു സമാനമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു. വൻകിട യോഗ കേന്ദ്രങ്ങളും ആത്മീയത്തട്ടിപ്പുകളും എഴുപതുകളിൽതന്നെ ഇന്ത്യയിലും പ്രത്യക്ഷപ്പെട്ടിരുന്നു. പൂനയിൽ വലിയ ആത്മീയ കേന്ദ്രം സ്ഥാപിച്ച ശേഷമാണ് രജനീഷ് അമേരിക്കയിലേക്ക് കൂടുമാറിയത്. ധീരേന്ദ്ര ബ്രഹ്മചാരി, ചന്ദ്രസ്വാമി തുടങ്ങിയവർ ഇന്ത്യൻ രാഷ്ട്രീയത്തിൽതന്നെ വൻ സ്വാധീനം ചെലുത്തിയിരുന്ന ആത്മീയത്തട്ടിപ്പുകാരാണ്. തൊണ്ണൂറുകളിലും പുതിയ ശതാബ്ദത്തിന്റെ ആരംഭത്തിലുമായി ഇന്ത്യയിലങ്ങോളമിങ്ങോളം കൂണുപോലെ നവീന മുക്തി പ്രസ്ഥാനങ്ങൾ പൊട്ടിമുളക്കാൻ തുടങ്ങി. വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ ആൾദൈവങ്ങളായും യോഗകേന്ദ്രങ്ങളായും ധ്യാനകേന്ദ്രങ്ങളായും പുത്തൻ ത്വരീഖത്തുകളായും ഇവ പടരുന്നതായി കാണുന്നു. മുതലാളിത്ത രാജ്യങ്ങളുടെ അതേ വികസന സാമ്പത്തിക ക്രമങ്ങളും ആധുനികത സൃഷ്ടിച്ച സംസ്കാരരീതികളും പിന്തുടർന്നതിന്റെ അനിവാര്യഫലമായി ഇവിടെയും പലവിധ വിഹ്വലതകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പ്രത്യേകമായ ആധ്യാത്മിക വരലബ്ധി അവകാശപ്പെടാൻ തൊലിക്കട്ടിയുള്ള ആർക്കും ആത്മീയാചാര്യനോ ആൾദൈവമോ ആകാമെന്നു വന്നിരിക്കുന്നു. ചിലരിൽ ഈ മനോഭാവം മനോവൈകൃതമായി മാറുന്നുമുണ്ട്. അവരിൽനിന്നാണ് പലപ്പോഴും ഇത്തരം മുക്തിപ്രസ്ഥാനങ്ങളുത്ഭവിക്കുന്നത്. ഇവരിൽ ചിലരെങ്കിലും ഉന്മാദവും വിഷാദവും ഇടകലർന്നുവരുന്ന (manic-depressive) മനോരോഗമുള്ളവരാണെന്ന് നിരീക്ഷണങ്ങളുണ്ട്. എന്നാൽ അധീശത്വമനസ്സുള്ള തികഞ്ഞ വിശ്വാസത്തട്ടിപ്പുകാരും രംഗത്തുണ്ട്. അതേതായാലും ഇവയിൽ ചെന്നുപെടുന്നവർ സ്വമേധയാ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവെല്ലാം നഷ്ടപ്പെട്ട് മരപ്പാവകളായി മാറുന്നു. ഗുരുവിന് എങ്ങനെയും വഴങ്ങിക്കൊടുക്കാനും ആവശ്യപ്പെട്ടാൽ മരിക്കാനും വലിയൊരാൾക്കൂട്ടം തന്നെ തയാറാവുന്നു. 1978-ൽ ഇന്ത്യാനയിലെ ജനകീയ ക്ഷേത്രം (Peoples Temple) എന്ന ആത്മീയത്തട്ടിപ്പു പ്രസ്ഥാനത്തിന്റെ ആചാര്യനായ ജിം ജോൺസിന്റെ കൽപന കേട്ട് തൊള്ളായിരത്തിൽപരം ആളുകൾ സയനൈഡ് കഴിച്ച് മരിച്ചു. യേശുക്രിസ്തുവിന്റെ പുനരവതാരമെന്നവകാശപ്പെട്ട് രംഗത്തുവന്ന ടെക്സാസിലെ ഡേവിഡ് കൊറേഷിന്റെ – ഈ പേര് അയാൾ സ്വയം സ്വീകരിച്ചതാണ്. ദാവീദ് (David) കോരെശ് (സൈറസ്) എന്നിവർ ബൈബിളിൽ പരാമർശിക്കപ്പെട്ട പുണ്യപുരുഷന്മാരാണ്– കൽപനയനുസരിച്ച് അയാളുടെ 'കള'ത്തിലെ (Ranch Apocalypse) തൊണ്ണൂറോളം ആളുകൾ സ്വയം തീ കൊളുത്തി മരിച്ചു. ഇത്രത്തോളം അധീശത്വം നേടിയെടുക്കാൻ കൾട്ട് നായകന്മാർക്ക് സാധിക്കുന്നു.

## അധീശത്വവും ചൂഷണവും

ഇത്തരം മതവൈകൃത പ്രസ്ഥാനങ്ങൾക്കെതിരെ പാശ്ചാത്യ രാജ്യങ്ങളിൽ ഇവയിൽ പെട്ടുപോകുന്നവരുടെ ബന്ധുക്കളും പരമ്പരാഗത മതവിശ്വാസികളും മറ്റും ചേർന്ന് ആന്റി കൾട്ട് മൂവ്മെന്റുകൾ രൂപപ്പെടുത്തിയിരുന്നു. കുടുംബം തകർക്കൽ, നേതാവിനും 'റാഞ്ചി'നും വേണ്ടി പണം കുന്നുകൂട്ടൽ, ലൈംഗിക വൈകൃതങ്ങൾ, രാഷ്ട്രീയ ഉപജാപങ്ങൾ തുടങ്ങിയ കുറ്റങ്ങളും പുതിയ മുക്തി പ്രസ്ഥാനങ്ങൾക്കെതിരെ അവർ ചുമത്തുന്നു. ഇവയുടെ ചരിത്രം പരിശോധിച്ചാൽ ഇപ്പറഞ്ഞ ആരോപണങ്ങളധികവും ശരിയാണെന്നു കാണാം. ഇത്തരം സംഘങ്ങൾ വിട്ടു പുറത്തുവന്ന പലരും ആന്റി കൾട്ട് മൂവ്മെന്റുകളിൽ സജീവമായി പ്രവർത്തിക്കുകയും ആരോപണങ്ങൾക്ക് തെളിവു നിരത്തുകയും ചെയ്യുന്നുണ്ട്.

സിദ്ധന്മാരും ആൾദൈവങ്ങളുമായ പലരും വലിയ തോതിൽ സുഖജീവിതം നയിക്കുന്നവരാണ്. തന്റെ പക്കൽ ധ്യാനമഭ്യസിക്കാനെത്തുന്നവരിൽനിന്ന് വൻതുക ഫീസ് ഈടാക്കിയിരുന്നു അമേരിക്കയിൽ അതീന്ദ്രിയ ധ്യാന (Transcendental Meditation) പ്രസ്ഥാനം തുടങ്ങിയ ഇന്ത്യക്കാരൻ മഹേഷ് യോഗി. തൊണ്ണൂറ്റിമൂന്ന് റോൾഡ് റോയ്സ് കാറുകൾ സ്വന്തമാക്കിയ രജനീഷ് എമിഗ്രേഷൻ നിയമങ്ങൾ ലംഘിച്ചതിന് യു.എസിൽ അറസ്റ്റിലാവുമ്പോൾ അയാളുടെ പക്കൽ പ്ലാറ്റിനത്തിലും സ്വർണത്തിലും തീർത്ത, നാലു ലക്ഷം ഡോളർ വിലവരുന്ന വാച്ചുകളുണ്ടായിരുന്നു. സ്വർണസിംഹാസനത്തിലിരിക്കുകയും സ്വർണം കൊണ്ടലംകൃതരാവുകയും ചെയ്യുന്ന സ്ത്രീപുരുഷ ദൈവങ്ങൾ നമ്മുടെ നാട്ടിൽ ഇന്നും ജീവിക്കുന്നു. മറുഭാഗത്ത് ഏതാണ്ട് യന്ത്രങ്ങളെപ്പോലെയായിട്ടുള്ള ഇവരുടെ അനുയായികൾ ക്ലേശവും പരിത്യാഗവും സ്വീകരിച്ച് ജീവിക്കുന്നത് ഇതെഴുതുന്നയാൾ നേരിൽ കണ്ടിട്ടുണ്ട്.

പല മുക്തികേന്ദ്രങ്ങളിലും ലൈംഗികചൂഷണവും നടക്കുന്നു. ഭക്തരുടെ മേൽ ലൈംഗികമായ മേൽക്കൈ നേടുന്നതിലൂടെ സുഖാസക്തിയുടെ ശമനം എന്നതോടൊപ്പം അധീശത്വത്തിന്റെ സ്ഥാപനവും ആചാര്യൻ നടത്തുന്നു. ഗുർജിഫ് എന്ന റഷ്യൻ കൾട്ട് ഗുരു തനിക്ക് താൽപര്യം തോന്നുന്ന ഏതു ശിഷ്യയെയും വശംവദയാക്കുമത്രെ. ഇങ്ങനെ ജനിച്ചിട്ടുള്ള ഒട്ടേറെ കുഞ്ഞുങ്ങൾ അയാളുടെ റാഞ്ചിൽ (ഷാറ്റ്യൂ ഡ്യൂ പ്രയറി) വളർന്നുവന്നു. രജനീഷിന്റെ ശിഷ്യകൾ 'ഭഗവാന്റെ' ലൈംഗിക പങ്കാളിയാകുന്നതിൽ ആത്മീയ സംതൃപ്തിയനുഭവിച്ചിരുന്നു. തങ്ങളുടെ വ്യക്തിപ്രഭാവത്തെ (Charisma) ഇതിൽ വിനിയോഗിച്ചിട്ടുള്ള പല ഗുരുക്കന്മാരുമുണ്ട്. പാദസേവകരായ അനുയായികളെക്കൊണ്ട് പലതരം വിടുവേലകൾ ചെയ്യിച്ചുകൊണ്ടാണ് മറ്റു ചില നേതാക്കൾ അധീശത്വം സ്ഥാപിക്കുന്നത്. ആയാസകരമായ ജോലികൾ ജ്ഞാനദീപ്തിയിലേക്കുള്ള പാതയാണെന്ന് ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്യും.

ശിഷ്യന്മാർ തങ്ങളുടെ ജീവിതത്തിനു മേൽ ഈയാചാര്യന്മാരുടെ അധീശത്വം അംഗീകരിക്കുന്നതിന്റെ ഒട്ടേറെ അടയാളങ്ങളുണ്ട്. രജനീഷിന്റെ ശിഷ്യന്മാർ സന്യാസ യോഗ്യത നേടാൻ കാവിയോ ചുവപ്പോ ധരിച്ച് 108 മണികളും രജനീഷിന്റെ ചിത്രവുമുള്ള മാല അണിയണ

മായിരുന്നു. ചിത്രം പോരാത്ത ശിഷ്യന്മാർക്ക് തന്റെ മുടിനാരും നഖവും മുറിച്ച് പെട്ടിയിലാക്കിക്കൊടുക്കുന്നു. കേരളത്തിലെ ഒരമ്മ ദൈവത്തിന്റെ മുഖം, കാൽപ്പാദങ്ങൾ, പൂർണകായം എന്നിങ്ങനെ ചിത്രങ്ങളും ലോക്കറ്റുകളും കൊണ്ടുനടക്കുന്ന ധാരാളം ശിഷ്യന്മാരെ കാണാം.

'(കൾട്ട്) ഗുരുക്കന്മാരിൽ പലരും ആരാധ്യതയുടെ അടുത്തുപോലും വരുന്നവരല്ല. ശിഷ്യരെ വൈകാരികമായും സാമ്പത്തികമായും ലൈംഗികമായും ചൂഷണം ചെയ്യുന്ന വ്യാജ പ്രവാചകന്മാരോ ഭ്രാന്തന്മാരോ വിശ്വാസത്തട്ടിപ്പുകാരോ അതിവിചിത്രങ്ങളായ ചിന്തകളിലും ചെയ്തികളിലും വ്യാപരിക്കുന്ന, മനസ്സാക്ഷിക്കുത്തില്ലാത്ത ചിത്തരോഗികളോ ഒക്കെയാണവർ' (Anthony Storr- Feet of Clay: A study of Gurus, ആമുഖ ലേഖനം). "പൂർണ യോജിപ്പില്ലാത്തതെന്തും അവർക്ക് ശത്രുതയാണ്. വിമർശനങ്ങളോട് അങ്ങേയറ്റം അസഹിഷ്ണുതയും" (Ibid).

## നിഗൂഢതയുടെ വ്യാപാരം

തങ്ങളുടെ അധ്യാപനങ്ങളിൽ നിഗൂഢത സൃഷ്ടിച്ചെടുക്കാൻ കൾട്ട് നേതാക്കൾ ശ്രമിക്കുന്നു. അതിലൂടെ അവർ ബുദ്ധിപരമായ അധീശത്വവും നേടുന്നു. വേദവചനങ്ങളെ വ്യാഖ്യാനിക്കാനുള്ള ആധികാരികത അവർ സ്വയമവകാശപ്പെടും. മതങ്ങളുമായി ബന്ധപ്പെട്ട ലളിതമായ അധ്യാപനങ്ങളെപ്പോലും നിഗൂഢമായി വ്യാഖ്യാനിക്കുകയോ ദുർഗ്രഹമായ ആത്മീയ ദർശനങ്ങളെയും മതങ്ങൾക്ക് പിൽക്കാലത്തുണ്ടായ വ്യതിയാനങ്ങളെയും ദുരുപയോഗം ചെയ്യുകയോ ചെയ്യും. ബൈബിളിലെ വെളിപാട് പുസ്തകത്തിൽ പറഞ്ഞ ഏഴു മുദ്രകളെ വ്യാഖ്യാനിക്കാനും ഏഴാം മുദ്ര പൊട്ടിക്കാനും തനിക്കു മാത്രമേ സാധിക്കൂവെന്നവകാശപ്പെട്ടുകൊണ്ടാണ് ടെക്സാസിലെ ഡേവിഡ് കോറേഷ് രംഗത്തുവന്നത്. ഇന്ത്യയിലെ താന്ത്രിക വിധിയനുസരിച്ച് രതിക്ക് നൽകപ്പെട്ടിട്ടുള്ള ആധ്യാത്മിക പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞ് ലൈംഗികമായ അരാജകത്വം സൃഷ്ടിച്ചും ബുദ്ധമതത്തിലെ സെൻ ധാരയിലെ ധ്യാനപാരമ്പര്യം സ്വയമവകാശപ്പെട്ടുമാണ് രജനീഷ് (ഓഷോ) തന്റെ ആത്മീയ സാമ്രാജ്യം ശക്തിപ്പെടുത്തിയത്. ഷിർദിയിലെ ഒരു സാത്വിക സന്യാസിയുടെ പേരുപയോഗിച്ചും പുനർജന്മമാണെന്നവകാശപ്പെട്ടും ആന്ധ്രയിൽ മറ്റൊരു ആൾദൈവം ജീവിക്കുന്നു. ശീഈ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന, ഇമാം മഹ്ദിയെക്കുറിച്ച സങ്കൽപങ്ങൾ പല ആത്മീയ തട്ടിപ്പുകാർക്കും ആധാരമായിട്ടുണ്ട്. മഹ്ദിയുടെ ആഗമനത്തിനു വഴിയൊരുക്കാൻ എന്നവകാശപ്പെട്ട് രംഗത്തുവന്ന ബാബ്, മഹ്ദിയായിത്തന്നെ രംഗപ്രവേശം ചെയ്ത ശിഷ്യൻ ബഹാവുല്ല എന്നിവരിലൂടെ രൂപപ്പെട്ട കൾട്ട് പിന്നീട് ഒരു പ്രത്യേക വിഭാഗമായും (Sect) ഇപ്പോൾ ഒരു മതമായിത്തന്നെയും നിലനിൽക്കുന്നു.

ചിലർ തങ്ങളുടെ ദർശനങ്ങൾക്ക് ശാസ്ത്രപരിവേഷം നൽകാനും ശ്രമിച്ചുകളയും. അങ്ങനെ ഊർജകേന്ദ്രം, ഊർജപ്രവാഹം തുടങ്ങിയ പദങ്ങൾ നിഗൂഢ മതങ്ങൾക്ക് പ്രിയങ്കരമായിത്തീരുന്നു. ഊർജകേന്ദ്രം മൂലാധാരത്തിലെ കുണ്ഡലിനിയാണെന്നാണ് കുണ്ഡലിനി യോഗത്തിൽ പറയുന്നത്. ഈ സാധനത്തെക്കുറിച്ച ചർച്ചകൾ താന്ത്രിക യോഗവിദ്യത്തട്ടിപ്പുകാരുടെ മുഖ്യ ആയുധം. നട്ടെല്ലിനു താഴെ സർപ്പാകൃതിയിൽ കുണ്ഡലിനി സ്ഥിതി ചെയ്യുന്നുപോലും! ഇതിനെ ഗുർജിഫ് കുണ്ഡാബഫർ എന്ന പേരിലവതരിപ്പിക്കുകയും കുണ്ഡലിനി യോഗത്തിലേതിൽനിന്ന് ഭിന്നമായി വ്യാഖ്യാനിക്കുകയും ചെയ്തു. സങ്കീർണവും മനഃപൂർവം അസ്പഷ്ടമാക്കിയതും പരസ്പരബന്ധമില്ലാത്തതുമായ വർത്തമാനങ്ങളാണ് പലരും പറയുക.

യോഗദർശനവും യോഗാസനവുമാണ് ആത്മീയത്തട്ടിപ്പിന്റെ മറ്റൊരുപാധി. യോഗാചാര്യനായ പതഞ്ജലിയോ മറ്റ് ആചാര്യന്മാരോ കേട്ടിട്ടുപോലുമുണ്ടാവാനിടയില്ലാത്ത വ്യാഖ്യാനങ്ങൾ യോഗദർശനത്തിന് നൽകപ്പെടുന്നുണ്ട്. ആരോഗ്യവത്തായ ജീവിതവുമായി ബന്ധപ്പെട്ട് യോഗാസനത്തിന് പ്രാധാന്യമുണ്ട്. എന്നാൽ ഇത്തരം യോഗകേന്ദ്രങ്ങളെ ചില കൗശലക്കാർ വലിയ ആത്മീയത്തട്ടിപ്പുകളായി വളർത്തി. ധീരേന്ദ്ര ബ്രഹ്മചാരി, ശ്രീശ്രീ രവിശങ്കർ തുടങ്ങിയവരെല്ലാം യോഗ കേന്ദ്രങ്ങളിൽനിന്നാണ് തുടങ്ങിയത്.

## മുക്തിവൈകൃത പ്രസ്ഥാനങ്ങളുടെ കാരണങ്ങൾ

മുതലാളിത്തത്തിന്റെ മൂല്യവിചാരങ്ങൾ സ്വാധീനം നേടുകയും ഭൗതികതയും സ്വാർഥതയും എല്ലാ ധാർമികവ്യവസ്ഥകളെയും അട്ടിമറിക്കുകയും ചെയ്തതോടെ കുടുംബം തുടങ്ങിയ സ്ഥാപനങ്ങളുടെ ഭദ്രത തകരുകയും സാമൂഹിക ബന്ധങ്ങൾ ദുർബലമാകുകയും ചെയ്തു. ഇത് വ്യക്തിയിൽ അരക്ഷിതത്വവും നിരാശ്രയത്വവും ഭയവിഹ്വലതകളും വളർത്തി.

മുതലാളിത്ത, വികസിത രാജ്യങ്ങളിൽ ഹിപ്പിയിസവും അസ്തിത്വവാദവും വേരുപിടിച്ച അറുപത് എഴുപതുകളിൽതന്നെയാണ് ഇത്തരം ആത്മീയ വൈകൃതങ്ങളും വളർന്നുവന്നതെന്നത് ശ്രദ്ധേയമാണ്. മുതലാളിത്തവും ആധുനികതയും സൃഷ്ടിച്ച ആസക്തിക്കും അതുണ്ടാക്കിയ ദുരന്തങ്ങൾക്കുമെതിരായ പ്രതിഷേധത്തിൽനിന്നാണ് ഹിപ്പിയിസം രൂപപ്പെട്ടത്. രണ്ട് ലോകയുദ്ധങ്ങളുൾപ്പെടെ, ലാഭക്കൊതിയും അധികാരദുരയും സൃഷ്ടിച്ച സാമൂഹികദുരന്തങ്ങളെപ്പറ്റി ചിന്തിച്ച ഒരു വിഭാഗം ചെറുപ്പക്കാർ ലാഭക്കൊതിയന്മാരായ സ്വപിതാക്കന്മാരെയും അവ രംഗീകരിക്കുന്ന വ്യവസ്ഥിതികളെയും ധിക്കരിച്ച് പുതിയൊരു ആത്മീയാന്വേഷണത്തിനിറങ്ങുകയായിരുന്നു. രോഷാകുലരായ ചെറുപ്പക്കാർ, ബീറ്റ് ജനറേഷൻ എന്നൊക്കെ വിശേഷിപ്പിക്കപ്പെട്ട ഈ യുവതലമുറ ഉജ്ജ്വലമായ ചിന്തകളും സാഹിത്യങ്ങളും ലോകത്തിനു മുന്നിൽ സമർപ്പിച്ചെങ്കിലും ഫലത്തിൽ അരാജകവാദികളായി നശിക്കുകയായിരുന്നു.

മറുഭാഗത്ത്, സുഖതൃഷ്ണക്കു വഴിപ്പെട്ട് തോന്ന്യാസികളായി ജീവിച്ച് ഒടുക്കം മടുപ്പോ അപരാധമോ തോന്നിയവരും താളം തെറ്റിയ സാമൂഹികജീവിതത്തോട് മറ്റു നിലകളിൽ വിരക്തി തോന്നിയവരും കൾട്ടുകളിൽ ആകൃഷ്ടരായി. ഈ മടുപ്പാണ് ജീവിതത്തെയും പ്രപഞ്ചത്തെയും കുറിച്ച മിഥ്യാബോധമുൽപാദിപ്പിച്ചത്. ഇതുമൂലമുണ്ടായ വിരക്തിയെ കൾട്ട് നായകന്മാരും ആൾദൈവങ്ങളും മുതലെടുക്കുകയായിരുന്നു. ഇത്തരം വികാരങ്ങൾ സാമൂഹിക മനോരോഗമായി മാറുന്നതോടെ ഈ ഭൂതകാല പശ്ചാത്തലമില്ലാത്തവരും ആൾദൈവസംഘത്തിൽ വന്നുചേരുന്നു.

വിദ്യാഭ്യാസം വ്യാപാരവത്കരിക്കപ്പെടുകയും സാമൂഹികക്ഷേമവും വ്യക്തിത്വവികാസവും വ്യാപാരവത്കൃത വിദ്യാഭ്യാസത്തിൽ ബിരുദങ്ങളാവുകയും സ്പെഷ്യലൈസേഷനും ബ്യൂറോക്രസിയും നിലനിൽക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ തങ്ങളുടെ ശേഷികളെയും ശേമുഷികളെയും എങ്ങനെ സമൂഹനന്മക്ക് ഉപയോഗപ്പെടുത്താമെന്ന് ചെറുപ്പക്കാർക്ക് അറിയില്ലെന്നതാണ് വാസ്തവം. സാമൂഹികജീവിതത്തെയാകമാനം പരിവർത്തിപ്പിക്കാൻ പോന്ന ശാരീരിക-മാനസിക ഊർജത്തിന്റെ വാഹകരാണ് യുവാക്കൾ. ഈ ഊർജം വിനിയോഗിക്കുന്നതിനുള്ള ശരിയായ മാർഗദർശനത്തിന്റെ അഭാവത്തിൽ അത് സാമൂഹികവിരുദ്ധ പ്രേരണകളിൽ ചെന്നുപെടുന്നു. ഒരുഭാഗത്ത് സാമൂഹികവിരുദ്ധ ശക്തികളും മാഫിയകളും അനാശാസ്യ വ്യവസായങ്ങളും ഇതിനെ ദുരുപയോഗപ്പെടുത്തുന്നു. ഈ ഊർജത്തെയും അതിന്റെ ശരിയായ ബഹിർഗമനത്തിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രതിസന്ധികളെയും തന്നെയാണ് കൾട്ടുകളും ഇന്ധനമാക്കുന്നത്.

പ്രധാനപ്പെട്ട മറ്റൊരു വിഷയം സ്ഥാപനവത്കരിക്കപ്പെട്ട മതങ്ങളുടെ അ

പര്യാപ്തതയാണ്. മതസമൂഹങ്ങൾ കേവല സമുദായങ്ങളും പാരമ്പര്യവുമായതോടെ ആത്മാവ് പൊള്ളയാക്കപ്പെട്ട വികൃതമായ ഒരു ഘടന മാത്രമായിത്തീർന്നു. പാരമ്പര്യകൃതവും അർഥശൂന്യവുമായ ആചാരാനുഷ്ഠാനങ്ങൾ കുമിഞ്ഞുകൂടി രൂപം പൂണ്ട ഒരുതരം മൊരി (Creame of custom) ഈ സമുദായങ്ങളുടെ സാംസ്കാരികമായ വളർച്ചയെയും വികാസത്തെയും മുരടിപ്പിച്ചുകളഞ്ഞു. ഇങ്ങനെ രൂപപ്പെട്ട യാഥാസ്ഥിതിക മത സമുദായങ്ങളുടെ നേതാക്കന്മാർ മതങ്ങളുടെ യഥാർഥ ആദിമവിശുദ്ധിയിൽനിന്നും ധാർമികതയിൽനിന്നും അകന്ന് സുഖലോലുപന്മാരും ഭൗതികാസക്തരുമായി മാറിയതോടെ അവരുടെ മതങ്ങൾ പാരമ്പര്യാനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും കുത്തിനിറച്ച ചട്ടക്കൂടുകളായി. മുതലാളിത്ത മൂല്യങ്ങൾ പുരോഹിതന്മാരെയും നേതാക്കന്മാരെയും സ്വാധീനിച്ചു. തികച്ചും അരാഷ്ട്രീയമായിത്തീർന്ന ഈ മതരൂപങ്ങൾ യുവാക്കളുടെ ഊർജത്തെ ശരിയായ രീതിയിൽ ബഹിർഗമിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു. ആത്മാവ് ചോർന്നുപോയ ഈ ചട്ടക്കൂടുകൾക്ക് മനുഷ്യരുടെ വിഹ്വലതകളിലും പാപപീഡകളിലും യഥാർഥ സാന്ത്വനമാകാൻ കഴിയുന്നില്ല. ഭൗതിക സംസ്കാരത്തിന്റെ വളർച്ച സൃഷ്ടിക്കുന്ന ആധ്യാത്മിക ശൂന്യതക്ക് ഇവ പരിഹാരമാകുന്നുമില്ല. ഇത്തരം വിടവുകളിൽ രംഗപ്രവേശം ചെയ്യുന്ന പുതിയ മതങ്ങളും ഗുരുക്കന്മാരും ആൾദൈവങ്ങളും തങ്ങളുടെ പ്രഭാവവും സംഘാടകശേഷിയും കൊണ്ട് വ്യവസ്ഥാപിത മതരൂപങ്ങൾക്ക് സമാന്തരശക്തിയായി വളരുകയാണ് ചെയ്തത്. ഭയപ്പാടുകൾക്കും ആത്മീയ ശൂന്യതക്കും തങ്ങൾ പരിഹാരം സൃഷ്ടിക്കുന്നുവെന്ന പ്രതീതി അവരുണ്ടാക്കുന്നു.

മോക്ഷത്തിനു വേണ്ടിയുള്ള മനുഷ്യന്റെ നൈസർഗികാഭിലാഷത്തെ പൂർണമായും കച്ചവടവത്കരിക്കുകയാണ് കൾട്ടുകളും ആൾദൈവങ്ങളും. കമ്പോളവും പൗരോഹിത്യവും ചേർന്നു നിർമിക്കുന്ന വ്യാജമായ ഭക്ത്യുന്മുഖത, മുതലാളിത്തത്തിന്റെ തന്നെ ഉൽപന്നങ്ങളായ വർഗീയതയും ഫാഷിസവും സൃഷ്ടിക്കുന്ന സാംസ്കാരിക പുനരുത്ഥാനവാദം തുടങ്ങിയവയും നവീന ആത്മീയ വൈകൃതങ്ങളുടെ വളർച്ചക്ക് വളം വെക്കുന്നു.

## ധ്യാനവും ജീവനകലയും മറ്റു പൊടിക്കൈകളും

മനുഷ്യന്റെ അസ്വാസ്ഥ്യങ്ങളെയും വിഹ്വലതകളെയും പൊടിക്കൈ പ്രയോഗങ്ങളിലൂടെയാണ് ആത്മീയത്തട്ടിപ്പുകാർ ചൂഷണം ചെയ്യുന്നത്. ഏതെങ്കിലും യോഗാസന മുദ്രയിലിരുന്നുകൊണ്ട് ഒരു മന്ത്രം നിരന്തരം ചൊല്ലുക, കണ്ണടച്ച് ജപകർമങ്ങളിലേർപ്പെടുക മുതലായവയാണ് സാധാരണ സാധന രീതികൾ. പരിസരങ്ങളിലും ഉപാസകന്റെ അവബോധത്തിലും നിഗൂഢതയുടെയോ ഭക്തിയുടെയോ പരിവേഷവും കൃത്രിമമായി സൃഷ്ടിച്ചിരിക്കും. കുന്തിരിക്കത്തിന്റെയോ മറ്റോ പുകയും സുഗന്ധവും, പ്രത്യേക നിറങ്ങളിലുള്ള പ്രകാശം എന്നിങ്ങനെ. മനുഷ്യന്റെ പ്രകൃതവുമായി ബന്ധപ്പെട്ട ചില പ്രത്യേകതകളെ വിശദമായി മുതലെടുക്കുകയാണ്. ഒന്നും ചെയ്യാതെ വെറുതെ കുറേനേരം കണ്ണടച്ചു കുത്തിയിരുന്നാലും ഞെരമ്പുകൾക്ക് നല്ല അയവും അതിലൂടെ മനസ്സിന് പ്രത്യേകമായ സുഖവും കിട്ടും. ഒരുക്കപ്പെടുന്ന കൃത്രിമാന്തരീക്ഷം ഈ ആനന്ദത്തെ വർധിപ്പിക്കുകയും ചെയ്യും. ഒരാൾക്ക് തനിയെതന്നെ പരീക്ഷിക്കാവുന്ന ഇത്തരം രീതികൾ ആധ്യാത്മികവിദ്യകളാക്കി അവതരിപ്പിക്കപ്പെടുകയാണ്.

രജനീഷിന്റെ ആശ്രമത്തിലെ ധ്യാനരീതി ഇങ്ങനെയാണെന്ന് പറയപ്പെടുന്നു: ആവർത്തിക്കുന്ന സംഗീതത്തിനൊപ്പം ക്രമമില്ലാതെ അമിതശ്വസനം. ഇതിന് ഉഗ്രധ്യാനം (Dynamic Meditation) എന്നു പറയും. പിന്നെ വികാര വിരേചനമാണ്. ഉപാസകൻ അലറുകയും നിലവിളിക്കുകയും ചിലപ്പോൾ അക്രമപ്രവണത കാണിക്കുകയും ചെയ്യും. ശേഷം ഹൂ, ഹൂ, ഹൂ എന്ന മന്ത്രം ഉറക്കെ ചൊല്ലിക്കൊണ്ട് ചാടും. കാലിന്റെ ഉപ്പൂറ്റി താഴെ ശക്തിയായി പതിപ്പിച്ചുകൊണ്ടാവും ചാട്ടം. അങ്ങനെ ഉപാസകനെ പൂർണമായും തളർത്തിയശേഷം നിഷ്ക്രിയമായ ശവാസനത്തിലേക്ക്. അതിലൂടെ സുഖാവസ്ഥയുടെ പാരമ്യത്തെ പ്രാപിക്കാം.

ഹാ ഹാ, ഹു ഹു, ഹി ഹി എന്ന മന്ത്രണവും ഉച്ചസ്ഥായിയിൽ അതിന്റെ അലർച്ചയും കൾട്ട് ത്വരീഖത്തുകളുടെയും അനുഷ്ഠാനങ്ങളുടെ രീതിയാണ്.ഇതും മനുഷ്യനെ മാനസികമായി ഒരുതരം ഉന്മാദാവസ്ഥയിലെത്തിക്കുകയാണ് ചെയ്യുക.

## ആൾദൈവങ്ങളുടെ രാഷ്ട്രീയ ഉപജാപങ്ങൾ

രാഷ്ട്രീയ സാമ്പത്തിക ശക്തികളുമായി മുക്തി വൈകൃത പ്രസ്ഥാനങ്ങളും ആചാര്യന്മാരും അവിശുദ്ധ കൂട്ടുകെട്ട് രൂപപ്പെടുത്തിയിട്ടുണ്ട്. പല കാലത്തും മത, രാഷ്ട്രീയ, സാമ്പത്തിക മേലാളന്മാർ ഇങ്ങനെ ബാന്ധവമുണ്ടാക്കിയിട്ടുണ്ട്. ഫറോവ-ഖാറൂൻ-സാമിരി, നംറൂദ്- ആസർ എന്നിങ്ങനെ രൂപപ്പെട്ട അച്ചുതണ്ടുകളെ ഖുർആൻ ചരിത്രത്തിൽനിന്ന് പരിചയപ്പെടുത്തുന്നുണ്ട്. ഇന്നത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ പലപ്പോഴും ഇത്തരം ആത്മീയ വ്യാപാര കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിക്കുന്നു.

രാഷ്ട്രീയം നെറികെട്ട വാണിജ്യമായി അധഃപതിച്ച ഇക്കാലത്ത് മുക്തി വൈകൃത കേന്ദ്രങ്ങളും ഭരണക്കാരും സഹവർത്തിത്വത്തിന്റെ വഴി സ്വീകരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാർ ആൾദൈവത്തിന്റെ സിദ്ധിയെ ഭയന്നിട്ടോ അയാളുടെ സ്വാധീനത്തെ ഭയന്നിട്ടോ ആകാം ഈ സഹവർത്തിത്വം. അതല്ലെങ്കിൽ ആൾദൈവമുണ്ടാക്കുന്ന സ്വാധീനശക്തിയെ മുതലെടുക്കുന്നതിന് വേണ്ടിയുമാവാം. നഗ്നനായി മരത്തിൽ കയറിയിരുന്ന് കാലുകൊണ്ടനുഗ്രഹിക്കുന്ന ഭ്രാന്തൻ ദേവ്‌രാൽ ബാബയുടെ അനുഗ്രഹസിദ്ധിക്ക് ബൽറാം ഝാക്കറും രാജീവ് ഗാന്ധിയുമൊക്കെ തലകുനിച്ചെത്തിയ പഴയ ചിത്രമോർക്കുക.

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുമായി ബന്ധപ്പെട്ട വൻ ഉപജാപകന്മാരായിരുന്നു ധീരേന്ദ്ര ബ്രഹ്മചാരിയും ചന്ദ്രസ്വാമിയും. ചന്ദ്രസ്വാമിയുടെ ആത്മീയ വ്യാപാരം പിന്നീട് വൻ ആയുധ വ്യാപാരവും കള്ളക്കടത്തുമായി വികാസം പ്രാപിക്കുകയും കുപ്രസിദ്ധ ആയുധക്കടത്തുകാരനായ അദ്നാൻ ഖഷോഗി മുതലായവരുമായി അയാൾ ബന്ധം സ്ഥാപിക്കുകയും ചെയ്തു. പിന്നീട് ആയുധക്കടത്തുമായി ബന്ധപ്പെട്ട് അയാളും സഹായിയും അറസ്റ്റിലായതും ചരിത്രം.

## കൾട്ട് മതങ്ങളും പ്രവാചകദർശനവും

മുതലാളിത്തത്തിന്റെ സ്വാർഥമായ സുഖാസക്തിയുടെ മറുപതിപ്പുതന്നെയാണ് ഈ ആത്മീയാന്വേഷണവും. കേവലം വ്യക്തിനിഷ്ഠമായ, ആത്മനിഷ്ഠമായ ഒരനുഭൂതിയും ആനന്ദവുമായി ആത്മീയത മാറുകയാണ് ചെയ്യുന്നത്. പ്രവാചകന്മാർ പഠിപ്പിച്ച ആത്മീയതയും വ്യക്തിത്വവികാസവും മറ്റൊന്നാണ്. വ്യക്തി അകത്തേക്കു ചുരുങ്ങുകയും വ്യക്തിപരമായ ആനന്ദപ്രാപ്തിയിൽ ലയിക്കുകയും ചെയ്യുമ്പോഴല്ല, മറിച്ച് പുറത്തേക്കു പരക്കുകയും ലോകത്തിന് തണലും ഊർജവുമാകുകയും ചെയ്യുമ്പോഴാണ് വ്യക്തിത്വ വികാസമുണ്ടാകുന്നത്. ഭൗതികമോ ആത്മീയമോ ആയ യാതൊരു വ്യവഹാരത്തിലും കേവല സ്വാർഥത്തെ പ്രവാചകന്മാർ അംഗീകരിച്ചിട്ടില്ല. മുതലാളിത്തം ഭൗതികവ്യവഹാരങ്ങളുടെ ആധാരം സ്വാർഥതയാക്കിത്തീർത്തു. അനുബന്ധമായി കൾട്ടുകൾ ആത്മീയതയെ ഇതേ അനുഭവമാക്കിത്തീർക്കുകയും അങ്ങനെയുണ്ടാകുന്ന അനുഭൂതിയെ വിൽപനക്കു വെക്കുകയും ചെയ്തു. വിപണിയിൽ കിട്ടുന്ന ആത്മീയത മനുഷ്യനെ മയക്കുകയും സാമൂഹികവിമുഖനാക്കുകയും ചെയ്യുന്ന കറുപ്പാകുന്നു. എന്നാൽ പ്രവാച

ന്മാർ പ്രസരിപ്പിച്ച ആത്മീയ പാഠങ്ങൾ സാമൂഹികസേവനത്തിന്റെയും ധാർമിക വിപ്ലവത്തിന്റെയും ഉത്തേജകങ്ങളത്രെ.

ജീവിതത്തിലും അധ്യാപനങ്ങളിലും ലാളിത്യമാണ് പ്രവാചകന്മാരുടെ പ്രത്യേകത. ഗൂഢമായ ആശയങ്ങളിൽ അവർ അഭിരമിച്ചിരുന്നില്ല. മനുഷ്യരോട് അവർ സാധാരണ ഭാഷയിൽ സംസാരിച്ചു. അവരുടെ തത്ത്വങ്ങൾ ഋജുവായിരുന്നു. അതിഭൗതികമായ തലങ്ങളെയും യാഥാർഥ്യങ്ങളെയും പരിചയപ്പെടുത്തേണ്ടി വരുന്നിടത്ത് സദൃശമായ കാര്യങ്ങളും വചനങ്ങളും (മുതശാബിഹാത്ത്) ഉപയോഗിക്കേണ്ടതായി വരുമ്പോൾ പോലും അത്തരം വാചകങ്ങളുടെ പിന്നാലെ കൂടി ചിന്തയും സമയവും വ്യയം ചെയ്യരുതെന്ന് ഖുർആൻ പ്രത്യേകം ഉണർത്തുന്നുമുണ്ട്. ജനങ്ങൾക്കിടയിൽ സാധാരണ പോലെ ജീവിക്കുകയും 'ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ' എന്നു പറയുകയും ചെയ്ത പ്രവാചകന്മാരുടെ വ്യക്തിത്വത്തിലും ഒട്ടും നിഗൂഢതയുണ്ടായിരുന്നില്ല. ജീവിതത്തോടുള്ള വിരക്തി പ്രവാചകന്മാരുടെ ഉദ്ബോധനത്തിൽ പെട്ടതല്ലെങ്കിലും ഭൗതികതയോട് നിസ്സംഗത പുലർത്തിയിരുന്നു അവർ.

നമ്മുടെ നാട്ടിൽ ചില ആൾദൈവങ്ങളും അമ്മദൈവങ്ങളും അനുചരന്മാരോട് വിരക്തി ഉപദേശിക്കുന്നു. എന്നാൽ സ്വയം ആർഭാടപ്രമത്തരായി കാണപ്പെടുകയും ചെയ്യുന്നു. ആശ്രമങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഐഹികപ്രൗഢി അപാരം തന്നെ. ചില ദിവസങ്ങളിൽ കിരീടവും ആഭരണങ്ങളുമണിഞ്ഞ് ഭക്തർക്ക് ദർശനം നൽകുന്ന അമ്മയും വലിയ സിംഹാസനത്തിലാരൂഢനാകുന്ന, 'അതിപ്രതാപവാനായ' ബാബയുമൊക്കെ നൽകുന്ന സന്ദേശം എന്താണ്?

സാമൂഹിക പ്രതിബദ്ധത എന്നതുപോലെത്തന്നെ വ്യക്തികളുടെ ധാർമിക വിശുദ്ധിയും യഥാർഥ ആചാര്യന്മാരുടെ അധ്യാപനങ്ങളിൽപെട്ടതാണ്. ധർമനിരതനായ വ്യക്തിയെയും ശ്രേഷ്ഠമായ സമൂഹത്തെയും സൃഷ്ടിക്കാനാണവർ യത്നിച്ചത്. ഇക്കാര്യത്തിൽ ചില നവീന മത പ്രസ്ഥാനങ്ങളും കൾട്ടുകളും നേരെ എതിരായ സമീപനമാണ് മുന്നോട്ടുവെക്കുന്നത്. കുത്തഴിഞ്ഞ ആധുനികതയുടെ സംഭ്രമങ്ങളിൽപെടുന്നവരെ അതേ ജീവിതരീതികളിൽതന്നെ മരവിപ്പിച്ചുനിർത്തുന്ന സമീപനമാണ് ചില കൾട്ടുകളെങ്കിലും കൈക്കൊണ്ടിട്ടുള്ളത്. സ്വഛന്ദരതി(free sex)യെയും ആധുനികതയെയും മുതലാളിത്തത്തെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമായിരുന്നു രജനീഷിന്റേത്. ഇത്രത്തോളമല്ലെങ്കിലും മിക്ക സംഘങ്ങളും സകല തിന്മകളുടെയും ഉറവിടമായ മുതലാളിത്തത്തെ പ്രകീർത്തിക്കുന്ന അവസ്ഥയിലെത്തിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഒരാൾദൈവത്തിന്റെ ജന്മദിനാഘോഷം പൊടിപൊടിക്കുന്നതിന്റെ ഭാഗമായി നടന്ന സാമ്പത്തിക സെമിനാറിൽ മുതലാളിത്ത സമ്പദ്വ്യവസ്ഥയെയും വികസനരീതിയെയും പ്രകീർത്തിച്ച് വിഷയാവതരണം നടന്നതായി റിപ്പോർട്ടുണ്ടായിരുന്നു.

ആത്മീയതയുടെ വ്യാപാരവത്കരണത്തെയും ചൂഷണത്തെയും പ്രതിരോധിക്കാൻ പ്രവാചകന്മാർ പഠിപ്പിച്ച യഥാർഥ ആത്മീയതക്കേ കഴിയൂ. അതുകൊണ്ടാണ് അന്ധവിശ്വാസങ്ങൾക്കെതിരായ ഇടതുപക്ഷ, ഭൗതികവാദ പ്രതിരോധങ്ങൾ പരാജയപ്പെടുന്നത്. കമ്യൂണിസ്റ്റ് ചരിത്രവിശകലനപ്രകാരം മതം അധ്വാനഫലമുണ്ണുന്നവന്റെ, ചൂഷകന്റെ പക്ഷത്താണ്. ഈ പൊതുചരിത്രബോധം വെച്ച് പ്രവാചകന്മാരെയും മറ്റു മഹാത്മാക്കളെയും സമീപിക്കുന്നവർ ചരിത്രത്തോട് കടുത്ത അക്രമം കാണിക്കുന്നു.

മനുഷ്യനെ മനുഷ്യനാക്കുന്ന, പരസ്പരസ്നേഹവും നീതിക്കു വേണ്ടിയുള്ള സമരവും സേവനവും ആത്മീയസാക്ഷാത്കാരത്തിന്റെ മാർഗമായി കാണുന്ന വീക്ഷണവും ദർശനവുമാണ് ആത്മീയ മാനസിക ചോദനകൾ വ്യാപാരവത്കരിക്കപ്പെടാതിരിക്കാൻ അനിവാര്യം. അതാണ് പ്രവാചകന്മാരുടെയും വേദങ്ങളുടെയും ദർശനം. ■